**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 280** | **08-06-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളുടെ ടെണ്ടർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങളുടെ ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ 'ഇൻകെൽ ലിമിറ്റഡ്' സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനാനുമതി നല്കിയിട്ടുള്ളതാണ്. ആയതിന്മേൽ സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരുന്നു. |
| (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച ചെറുകുന്ന് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ 3 കോടി രൂപയുടെ ധനാനുമതി ലഭിച്ച ചെറുകുന്ന് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പദ്ധതിയുടെ പ്രവൃത്തി 25% പൂർത്തീകരിച്ചതായി ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ